# എന്നെ അറിയുന്ന ദൈവം

## ഇയ്യോബ് 34:21

**"അവന്റെ ദൃഷ്ടി മനുഷ്യന്റെ വഴികളിന്മേൽ ഇരിക്കുന്നു; അവന്റെ നടപ്പു ഒക്കെയും അവൻ കാണുന്നു."**

ഓരോ നിമിഷവും ദൈവം നമ്മെ കാണുന്നു, ഹൃദയവിചാരങ്ങളെ അറിയുന്നു എന്ന ഒരു ഓർമ്മപ്പെടുത്തലാണ് ഈ വചനം നമുക്ക് തരുന്നത്. ഈ ലോകത്തിൽ നാം ആയിരിക്കുമ്പോൾ പല അവസരങ്ങളിലും അറിഞ്ഞോ അറിയാതെയോ, സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടുമൊക്കെ പാപവഴിയിലേക്ക് തിരിയാനുള്ള അവസരങ്ങൾ ഉണ്ട്. പലപ്പോഴും ആരും നമ്മെ കാണുന്നില്ലല്ലോ എന്നുള്ള വിചാരത്തിൽ രഹസ്യമായി പാപം ചെയ്തുപോയി എന്നും വരാം.

എന്നാൽ മനുഷ്യന്റെ കണ്ണ് കാണാത്തത് അത്യുന്നതന്റെ കണ്ണുകൾ കാണുന്നു. അവൻ നമ്മുടെ പ്രവൃത്തിക്ക് ഒത്തവണ്ണം നമ്മെ ന്യായം വിധിക്കുന്ന ഒരു ദൈവമാണ്. അവൻ നേരോടെ ന്യായം വിധിക്കുന്നു. ഹൃദയത്തിലെ നിരൂപണങ്ങൾ അവൻ അറിയുന്നു, ഉള്ളങ്ങളെ ഉള്ളതുപോലെ അറിയുന്നവന്റെ കണ്ണുകളെ മറയ്ക്കാൻ നമുക്ക് കഴിയില്ല. അതുകൊണ്ട് നമ്മുടെ നടപ്പ് നിഷ്കളങ്കമായ പാതയിൽ ആയിരിക്കണം. ജീവിതം വിശുദ്ധിയുള്ളതായിരിക്കണം.

ഓരോ നിമിഷവും ദൈവം നമ്മെ കാണുന്നു എന്ന ഒരു തോന്നൽ നമ്മുടെ ഉള്ളിലുണ്ടാവുമ്പോൾ തെറ്റായതിനെ ഉപേക്ഷിക്കാനുള്ള ശക്തി നമുക്ക് ലഭിക്കും. അവൻ നമ്മുടെ മേൽ ദൃഷ്ടി വെച്ച് ആലോചന പറഞ്ഞു തരുന്ന ദൈവമാണ്. അതുകൊണ്ട് അവന്റെ സന്നിധിയിൽ നിർമ്മലരായി ജീവിക്കാൻ ശ്രമിക്കാം. അതിന്നായി പ്രാർത്ഥിക്കാം. പരിശുദ്ധാത്മ സഹായം തേടാം. നേരോടെ നടക്കുന്നവർക്ക് അവൻ ഒരു നന്മയും മുടക്കുന്നില്ല.

**പരാമർശം :**

**ഇയ്യോബ് 23:10**

**എങ്കിലും ഞാൻ പോകുന്ന വഴി അവിടുന്ന് അറിയുന്നു; അവിടുന്ന് എന്നെ ശോധന ചെയ്താൽ ഞാൻ പൊന്നു പോലെ പുറത്തു വരും**

**സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 015**